**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2866** **03-08-2021 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹിതർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ നീതി വകുപ്പ് മിശ്രവിവാഹിതർക്കായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ള ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ഉപജീവനത്തിനുള്ള പിന്തുണയായി 30,000/- രൂപാ ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയായി രണ്ട് വർഷത്തിനകം ധന സഹായത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വാർഷിക കുടുംബവരുമാന പരിധി 1 ലക്ഷം രൂപയാണ്. അപേക്ഷാ ഫോമും മറ്റ് അനുബന്ധ രേഖകളും സഹിതം ജില്ലാ സാമൂഹ്യ നീതി ആഫീസിലാണ് ധനസഹായത്തിനുള്ള അപേക്ഷ നൽകേണ്ടത്. |
| (ബി) | മിശ്രവിവാഹം പ്രോൽസാഹിപ്പിക്കുന്നതിനും മിശ്രവിവാഹിതർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | മിശ്ര വിവാഹം നടന്നതിന്റെ പേരിൽ ഉണ്ടാകുന്ന സാമൂഹിക മാനസിക പ്രശ്നങ്ങൾ ലഘൂകരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും, സമൂഹവും കുടുംബവും ഇവരെ അംഗീകരിയ്ക്കുന്നതുവരെ സാമൂഹ്യസുരക്ഷ ഉറപ്പാക്കി സാമൂഹ്യ പുനരധിവാസം ഒരുക്കുന്നതിന്റെ ഭാഗമായും സുരക്ഷിതമായി താമസിയ്ക്കാവുന്ന തരത്തിലുള്ള സെയ്ഫ് ഹോമുകൾ എൻ.ജി.ഒ.കൾ മുഖേന സംസ്ഥാനത്ത് ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ